# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1044

03.12.2014 ലെ മറുപടിക്ക്

## ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജന പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. എ. വാഹീദ്<br>ശ്രീ. വി. ഡി. സതീശൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) നടപ്പിലാക്കിയിട്ടുണ്ട്. കുമരകം, കുമ്പളങ്ങി, വർക്കല, ദേവികുളം, വൈത്തിരി തുടങ്ങിയ സ്ഥലങ്ങളിലാണ് സമഗ്രമാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| ബി) എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇതിന് വേണ്ടി ഉപയോഗപ്പെടുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) മാലിന്യ നിർമ്മാർജ്ജന പദ്ധതികളിൽ വിൻഡ്രോകമ്പോസ്റ്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റിക് പെല്ലറ്റിംഗ് യൂണിറ്റ് മുതലായവ ഉൾപ്പെടുന്നു. |
| സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയത് എങ്ങനെയാണെന്ന് വിശദമാക്കുമോ; | സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. |
| ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) കുമരകം, കുമ്പളങ്ങി, വർക്കല, ദേവികുളം, വൈത്തിരി തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ